**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2876** **10-03-2025 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നിയന്ത്രിക്കുന്നതിന് സുസ്ഥിരവും ശാസ്ത്രീയവുമായ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നിരന്തരം കാട്ടാനശല്യം ഉണ്ടാകുന്ന പ്രദേശങ്ങളിലെ സ്ഥിരതാമസക്കാർ വീടും സ്ഥലവും ഉപേക്ഷിച്ച് മറ്റ് സ്ഥലങ്ങളിലേക്ക് കുടിയേറിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | വനമേഖലയോട് ചേർന്ന് കാട്ടാനകളുടെ സാന്നിദ്ധ്യം ഉണ്ടായിട്ടുള്ള ചില പ്രദേശങ്ങളിലെ സ്ഥിരതാമസ-ക്കാർ മറ്റു സ്ഥലങ്ങളിലേയ്ക്ക് മാറിപ്പോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോന്നി, പുനലൂർ, തിരുവനന്തപുരം, മറയൂർ, കോതമംഗലം എന്നീ വനം ഡിവിഷനുകളിൽ നിന്നാണ് സ്ഥിരതാമസക്കാർ മാറിപോയിട്ടുള്ളത് . |
| (ബി) | വന്യമൃഗങ്ങളുടെ നിരന്തരമായ ആക്രമണത്തെ തുടർന്ന് വീടും വസ്തുവും ഒഴിഞ്ഞുപോകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും വനം വകുപ്പിന് പ്രത്യേക പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ; | (ബി) | മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി അനുഭവ-പ്പെടുന്ന സെറ്റിൽമെന്റുകൾ അടക്കം വനത്തിനു-ള്ളിലെ മനുഷ്യവാസ മേഖലകളിൽ നിന്നും കുടുംബ-ങ്ങളെ പുനരധിവസിപ്പിക്കുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിൽ RKDP, KIIFB എന്നിവയുടെ സാമ്പത്തിക സഹായത്തോടെ "നവകിരണം" എന്ന സന്നദ്ധ പുനരധിവാസ പദ്ധതിയും "വയനാട് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയും" നടപ്പിലാക്കി-യിട്ടുണ്ട്. നവകിരണം പദ്ധതി പ്രകാരം 684 കുടുംബ-ങ്ങളേയും വയനാട് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം 333 കുടുംബങ്ങളേയും ഇതിനകം മാറ്റി പാർപ്പിച്ചിട്ടുണ്ട്. |
| (സി) | വനമേഖലയോട് ചേർന്നുള്ള കൃഷിയിടങ്ങളിലേക്കും ജനവാസകേന്ദ്രങ്ങളിലേക്കും കാട്ടാനകൾ നിരന്തരമായി എത്തിപ്പെടുന്നത് തടയുന്നതിനുവേണ്ടി കൃഷിഭൂമിയുടെ അതിർത്തികളിൽ ആഴം കൂടിയ മഴക്കുഴികൾ നിർമ്മിക്കുന്നതിനുൾപ്പടെയുള്ള പദ്ധതികൾ തയ്യാറാക്കുമോ; വിശദമാക്കുമോ? | (സി) | വനമേഖലയോട് ചേർന്നുള്ള കൃഷിയിടങ്ങളിലേക്കും ജനവാസകേന്ദ്രങ്ങളിലേക്കും കാട്ടാനകൾ എത്തിപ്പെ-ടുന്നത് തടയുന്നതിലേക്കായി വനമേഖലകൾ അതിർത്തി പങ്കിടുന്ന വിവിധ പ്രദേശങ്ങളിൽ ആനക്കിടങ്ങുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ കൃഷിഭൂമി-യുടെ അതിർത്തികളിൽ ആഴം കൂടിയ മഴക്കുഴികൾ നിർമ്മിച്ച് കാട്ടാനകൾ കൃഷിയിടങ്ങളിലും ജനവാസ-മേഖലയിലേക്കും എത്തിപ്പെടുന്നത് തടയുക എന്നത് പ്രായോഗികവും ഫലപ്രദവുമല്ലാത്തതിനാൽ ഇപ്രകാ-രമൊരു പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ